(ജി) പദ്ധതിയിൽ കുറവു വരുത്താൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പദ്ധതി ചെലവിൽ ചില നിയന്ത്രണങ്ങൾ താൽക്കാലികമായി ഏർപ്പെടുത്തിയിട്ടുണ്ട്.

(എച്ച്) ഇവയുടെ കണക്കുകൾ വർഷാവസാനം മാത്രമേ തിട്ടപ്പെടുത്തുകയുള്ളൂ.

ജനകീയാസൂത്രണ ഫണ്ട്

46 (47) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നു മുതലാണെന്ന് പറയുമോ ;

(ബി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും സംസ്ഥാന ഗവൺമെന്റ് ഫണ്ടിൽ നിന്ന് എന്തു തുക വീതം നീക്കിവച്ചു എന്നു പറയുമോ ;

(സി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും കേന്ദ്ര ഗവൺമെന്റ് എന്തു തുക വീതം നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയായ 1997-98 മുതലാണ് ജനകീയാസൂത്രണം ആരംഭിച്ചത്.

(ബി) ജനകീയാസൂത്രണത്തിന് ഓരോ വർഷവും നീക്കിവച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	തുക(കോടി രൂപ)
1997-1998	749
1998-1999	950
1999-2000	1020
2000-2001	1045

(സി) ഓരോ വർഷത്തെയും സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് ജനകീയാസൂത്രണത്തിന് തുക വകയിരുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ജനകീയാസൂത്രണത്തിന് വകയിരുത്തുന്ന തുകയിൽ പദ്ധതി സഹായമായി കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന തുകയും ഉൾപ്പെടുന്നതാണ്.

എന്നാൽ ജനകീയാസൂത്രണ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്ക് കേന്ദ്ര സർക്കാർ 4.85 കോടി രൂപ പ്രത്യേക സഹായമായി നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിന് 31 കോടി രൂപ വേറെയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly